പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 226 **28-10-2026-ൽ മറുപടിയ്ക്ക്**

മാതൃജ്യോതി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എഫ്. രാജ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിചരിക്കുന്നതിനായി ധനസഹായം നൽകുന്ന മാതൃജ്യോതി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

മറുപടി: ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ധനസഹായം നൽകുന്ന പദ്ധതിയാണ് മാതൃജ്യോതി പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം പ്രതിമാസം 2000/- രൂപ ധനസഹായം അനുവദിച്ച് വരുന്നു. കുഞ്ഞിന് രണ്ട് വയസാകുന്നത് വരെ മാത്രമെ ടി ധനസഹായം അനുവദിക്കൂ. 2016-2017 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ഈ പദ്ധതിയിൽ കാഴ്ചപരിമിതരായ അമ്മമാരെ മാത്രമാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്. 2021 മുതൽ എല്ലാ ഭിന്നശേഷി വിഭാഗങ്ങളിലും ഉൾപ്പെടുന്ന അമ്മമാർക്ക് ധനസഹായം അനുവദിച്ചുവരുന്നു. 2025-26 സാമ്പത്തിക വർഷം വരെ 546 പേർക്ക് മാതൃജ്യോതി പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ചുവടെ പറയും പ്രകാരമാണ്.

1. ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകൾ സഹിതം സുനീതി പോർട്ടൽ മുഖേന അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ

സമർപ്പിക്കേണ്ടതാണ്.

2. ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

3. ആശുപത്രിയിൽ നിന്നുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.

4. ഒരാൾക്ക് പരമാവധി രണ്ട് തവണ മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ.

5. ഗുണഭോക്താവ് സ്ഥിരതാമസമാക്കിയിട്ടുള്ള ജില്ലയിൽ വേണം അപേക്ഷ സമർപ്പിക്കേണ്ടത്.

6. ദമ്പതികളിൽ രണ്ടുപേരും ഭിന്നശേഷിക്കാരാണെങ്കിൽ മുൻഗണന നൽകുന്നതാണ്. രണ്ടുപേരുടെയും ഭിന്നശേഷി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് (ഭർത്താവിന്റെ വൈകല്യ

ശതമാനം 40-ൽ കൂടുതൽ ആയിരിക്കണം).

7. പ്രസവാനന്തരം 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. 60 ശതമാനമോ അതിൽ അധികമോ ഭിന്നശേഷിയുള്ള നവജാത ശിശുക്കൾ ഉള്ള അമ്മമാർക്ക് പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

(ബി) അർഹരായ ഭിന്നശേഷിക്കാരായ എല്ലാ അമ്മമാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബോധവൽക്കരണവും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതിയിൽ ഉൾപ്പെടുന്ന മാതൃജ്യോതി പദ്ധതിയ്ക്കായി എല്ലാ വർഷവും ജില്ലാ തലത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിനുമായി പത്രപരസ്യം, സോഷ്യൽ മീഡിയ, മറ്റു മാധ്യമങ്ങൾ എന്നിവ വഴി പ്രചരണം നൽകാറുണ്ട്. അതു കൂടാതെ സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തുന്ന ബോധവത്കരണ പരിപാടികൾ ഉൾപ്പടെയുള്ള എല്ലാ പരിപാടികളിലും വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള കൈപുസ്തകങ്ങളും, ബോധവത്കരണവും ജനങ്ങൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യവുമാണ്.

(സി) ഗുണഭോക്താക്കൾക്ക് അപേക്ഷാ നടപടികൾ ലളിതമാക്കുന്നതിനും ധനസഹായ വിതരണം തടസ്സമില്ലാതെ ഉറപ്പാക്കുന്നതിനും പദ്ധതി സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും പദ്ധതി കൂടുതൽ ഫലപ്രദമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: മാതൃജ്യോതി ഉൾപ്പെടെയുള്ള പദ്ധതികൾ കൂടുതൽ ഫലപ്രദമായും, സമയബന്ധിതമായും നടപ്പാക്കുന്നതിനായാണ് സാമൂഹ്യനീതി വകുപ്പ് സുനീതി പോർട്ടൽ സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സുനീതി പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചു യോഗ്യമായ അപേക്ഷകൾ അപ്രൂവ് ചെയ്യുകയും ഫണ്ട് വിതരണം നടത്തുകയും ചെയ്തുവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുന്ന ഉടൻ തന്നെ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെട്ട് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നിർവഹണം കൃത്യമായി നടക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗുകൾ നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ